**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **23-01-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ ശാക്തീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന സബ്സിഡി ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്നും അവയുടെ ഓരോന്നിന്റെയും വിൽപ്പനവില എത്രയെന്നും വ്യക്തമാക്കാമോ; | (എ) | നിലവിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന സബ്സിഡി ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്നും അവയുടെ ഓരോന്നിന്റെയും വിൽപ്പനവില എത്രയെന്നും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ സപ്ലൈകോയെ ശാക്തീകരിക്കാൻ ഭക്ഷ്യ - പൊതുവിതരണവകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | സപ്ലൈകോയെ ശാക്തീകരിക്കുവാൻ സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തി വരുന്നു. വിപണി ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി സപ്ലൈക്കോയ്ക്കായി വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചു. വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി വർഷങ്ങളായി 13 ഇനം അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയതു മൂലം സപ്ലൈകോയ്ക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ 357.63 കോടി രൂപയും എ.എ.വൈ. കിറ്റ് വിതരണത്തിന് 32.27 കോടി രൂപയും അനുവദിച്ചു. സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 2024-25 സാമ്പത്തിക വർഷത്തിൽ വിപണി ഇടപെടൽ ശീർഷകത്തിൽ സർക്കാർ ഇതുവരെ 325 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം എ.എ.വൈ. കാർഡ് ഉടമകൾക്കും വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിത പ്രദേശങ്ങളിലെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ഓണക്കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി സർക്കാർ 34.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചു. ടി തുക ഉപയോഗിച്ച് ഏകദേശം 5.57 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. മുൻ വർഷം ഓണക്കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി സർക്കാർ 32.27 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിക്കുകയും ഏകദേശം 5.72 |

| | | | |
|---|---|---|---|
| | | | ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. ഇതിനുപുറമേ നെല്ലുസംഭരണം, വാതിൽപ്പടി വിതരണം എന്നീ പദ്ധതികൾക്കും സർക്കാരിൽ നിന്നും തുക അനുവദിച്ചുവരുന്നു.<br><br>വിവിധ കാരണങ്ങളാൽ സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്ന പശ്ചാത്തലത്തിൽ സപ്ലൈകോയുടെ പരിഷ്കരണത്തിനായി സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുകയുണ്ടായി. ടി വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 16/02/024 തീയതിയിലെ സ.ഉ.(കൈ) നം. 3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് 13 ഇനം സബ്സിഡി സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.<br><br>**വിപണി ഇടപെടൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പൊതുവിപണിയേക്കാൾ ന്യായമായ വിലക്കുറവിൽ എല്ലാ ജനങ്ങൾക്കും അവശ്യ സാധനങ്ങൾ ലഭ്യമാക്കി പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ്. ഇത്തരത്തിൽ 25% മുതൽ 35% വരെ വിലക്കുറവിൽ വിപണി ഇടപെടൽ നടത്തുമ്പോൾ സപ്ലൈകോയുടെ വിൽപ്പന വിലയും കാലാനുസൃതമായി മാറ്റം വരുത്തേണ്ടത് അനിവാര്യമായതിനാൽ പൊതു വിപണിയിൽ വില കൂടുമ്പോൾ ആനുപാതികമായി വർദ്ധനവ് വരുത്തുകയും വില കുറയുമ്പോൾ അനുപാതികമായി വില കുറയ്ക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

<table>
<tr><td colspan="4">13 ഇനം സബ് സിഡി  സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും</td></tr>
<tr><td>ക്രമ നമ്പർ</td><td>ഇനം</td><td>സബ് സിഡി വില്പ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ</td><td>സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നല്കാവുന്ന പരമാവധി അളവ്</td></tr>
<tr><td>1</td><td>ചെറുപയർ (1 കി. ഗ്രാം)</td><td>90</td><td>1 കിലോ ഗ്രാം</td></tr>
<tr><td>2</td><td>ഉഴുന്ന് ബോൾ (1 കി. ഗ്രാം)</td><td>95</td><td>1 കിലോ ഗ്രാം</td></tr>
<tr><td>3</td><td>വൻകടല (1 കി. ഗ്രാം)</td><td>69</td><td>1 കിലോ ഗ്രാം</td></tr>
<tr><td>4</td><td>വൻപയർ (1 കി. ഗ്രാം)</td><td>79</td><td>1 കിലോ ഗ്രാം</td></tr>
<tr><td>5</td><td>തുവര പരിപ്പ് (1 കി. ഗ്രാം)</td><td>115</td><td>1 കിലോ ഗ്രാം</td></tr>
<tr><td>6</td><td>മുളക് ( 500 ഗ്രാം)</td><td>73</td><td>500 ഗ്രാം</td></tr>
<tr><td>7</td><td>മല്ലി ( 500 ഗ്രാം)</td><td>39</td><td>500 ഗ്രാം</td></tr>
<tr><td>8</td><td>പഞ്ചസാര (1 കി. ഗ്രാം)</td><td>33</td><td>1 കിലോ ഗ്രാം</td></tr>
<tr><td>9</td><td>വെളിച്ചെണ്ണ 1/2  ലിറ്റർ</td><td>65</td><td>1/2  ലിറ്റർ</td></tr>
<tr><td>10</td><td>ജയ അരി (1 കി. ഗ്രാം)</td><td>33</td><td rowspan="4">എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം</td></tr>
<tr><td>11</td><td>കുറുവ അരി (1 കി. ഗ്രാം)</td><td>33</td></tr>
<tr><td>12</td><td>മട്ട അരി (1 കി. ഗ്രാം)</td><td>33</td></tr>
<tr><td>13</td><td>പച്ചരി (1 കി. ഗ്രാം)</td><td>29</td></tr>
<tr><td colspan="4">നിയമാനുസൃത നികുതി ഈടാക്കുന്നതാണ്.  കൂടാതെ പായ്ക്ക് ചെയ്ത് നല്കുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.</td></tr>
</table>